# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.445

### 28-02-2017 ൽ മറുപടിക്ക്

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള വിവിധ പദ്ധതികൾക്ക് നാളിതുവരെ എത്ര തുക അനുവദിച്ചു; | കിഫ് ബോർഡ് പുന:സംഘടിപ്പിച്ചതിനു ശേഷമുള്ള ആദ്യ ബോർഡ് യോഗം 07.11.2016 ൽ ചേരുകയും 4004.86 കോടി രൂപയുടെ ധന സഹായം ഒന്നാം ഘട്ട പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ച തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ |

| | |
|---|---|
| | ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**